33 (1135) ഐ.ആർ.ഡി.പി. വഴി ചെലവഴിച്ച തുക

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ഗ്രാമവികസന പരിപാടി പ്രകാരം കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷം എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത്;

(ബി) ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) ജില്ല തിരിച്ചും പട്ടികജാതി-പട്ടികവർഗ്ഗം മറ്റു വിഭാഗങ്ങൾ എന്നിവയ്ക്ക് പ്രത്യേകമായും 1996-97, 97-98, 98-99 സാമ്പത്തിക വർഷങ്ങളിൽ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംയോജിത ഗ്രാമവികസന പരിപാടി പ്രകാരം കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി സബ്സിഡിയിനത്തിൽ 6535.78 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

(ബി) ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് 2704.68 ലക്ഷം രൂപ സബ്സിഡിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

(സി) ജില്ല തിരിച്ചും പട്ടികജാതി പട്ടികവർഗ്ഗം, മറ്റു വിഭാഗങ്ങൾ എന്നിവയ്ക്ക് പ്രത്യേകമായും 1996-97, 97-98, 98-99 സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

34 (1136) സ്വയംതൊഴിൽ പദ്ധതികൾ സംയോജിപ്പിക്കുവാൻ നടപടി

പ്രൊഫ. സാവിത്രിലക്ഷ്മണൻ :
ശ്രീ. പാലോട് രവി :
ശ്രീ. എ.കെ. മണി :
ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ തൊഴിൽരഹിതരെ സഹായിക്കുന്നതിനായി ബ്ലോക്കു തലത്തിൽ വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതികൾ സംയോജിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ ബ്ലോക്കു പഞ്ചായത്തുകൾ തയ്യാറാക്കുന്നതാണ്.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly